# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.918 — 30.01.2019 ലെ മറുപടി

### പഞ്ചായത്തിൽ ഒരു കുളം പദ്ധതി

**ചോദ്യം**

**ശ്രീ.സി.ദിവാകരൻ:**

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br>(ബി) ഇതിനായി എത്ര തുക അനുവദിച്ചുവെന്നും എന്നത്തേക്ക് നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ ഏതെങ്കിലും കുളം പദ്ധതിയിൽ ഉൾപ്പെടുത്തിയ ശേഷം ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ? | (എ)യും (ബി)യും (സി)യും<br>ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പേരിലുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 3 കുളങ്ങളുടെ അറ്റകുറ്റ പ്പണികൾക്ക് അനുമതി നല്കിയിരുന്നു . അതിൽ 2 കുളങ്ങളുടെ (പോത്തൻകോട് ചിറ നവീകരണം - Rs.75,000/- , മരുതൻകോട് കുളം, വെമ്പായം - Rs.1,51,000/-) പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കരകുളം പഞ്ചായത്തിലെ പുള്ളിക്കോണം ചിറയുടെ നവീകരണം പ്രവൃത്തിയുടെ (Rs.4,60,000/-) ടെണ്ടർ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ